D2AML2301 (2 Pages) Name............................
Reg.No..........................

**SECOND SEMESTER M.A. DEGREE EXAMINATION, APRIL 2024**
**(Regular/Improvement/Supplementary)**

# മലയാളം
## FMAL2C05: ആധുനിക മലയാള ഗദ്യം

**Time: 3 Hours** **Maximum Weightage: 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 വെയ്റ്റേജ് വീതം.**

1. 'കോമിക് ജീനിയസ്' എന്ന പ്രയോഗത്തിന്റെ സാംഗത്യമെന്ത് ?
2. 'കണ്ടങ്കോരൻ ദേവസ്സി' എന്ന സംബോധനയുടെ രാഷ്ട്രീയവിവക്ഷകളെന്ത്?
3. പുരുഷാധിപത്യത്തിനെതിരെയുള്ള കലാപം 'ചിന്താവിഷ്ടയായ സീത'യിൽ ആശാൻ ആഴത്തിൽ ആവിഷ്കരിച്ചതെപ്രകാരമാണ്? ഡോ. എം. ലീലാവതിയുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
4. 'ശബ്ദങ്ങൾ' ഒരു ചെറുനോവലല്ല, ദീർഘമായൊരു ചെറുകഥയാണെന്ന് കേസരി പ്രസ്താവിക്കുന്നതിന്റെ യുക്തിയെന്ത്?
5. "കരുണയെന്നയൊന്ന് നിങ്ങളുടെ വേദപുസ്തകത്തിലില്ലേ?" ആര് ആരോട് പറയുന്നതാണിത്?
6. സുന്ദരകലകൾ, പ്രായോഗിക കലകൾ എന്ന വേർതിരിവിന്റെ യുക്തിപരമായ അടിസ്ഥാനമെന്ത്?
7. 'നെല്ല് ' എന്ന നോവലിനെ ദളിത്പക്ഷസാഹിത്യമാക്കുന്ന ഘടകങ്ങളെന്തൊക്കെ?

**(4 x 2= 8 വെയ്റ്റേജ്)**

**ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 4 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 3 വെയ്റ്റേജ് വീതം.**

8. രാവുണ്ണി മുന്നോട്ടുവെക്കുന്ന 'കട'ത്തിന്റെ ദാർശനികപ്രശ്നങ്ങളെക്കുറിച്ച് വിവരിക്കുക.
9. ചിത്രകലയും കാവ്യകലയും തമ്മിലെ സാധർമ്മ്യത്തെ എം. പി. പോൾ താരതമ്യപ്പെടുത്തുന്നതെങ്ങനെ?
10. "ആക്ഷേപഹാസ്യസാഹിത്യം സാമൂഹ്യവിമർശനത്തിന്റെ ശക്തമായ ഇടപെടലാണ്." സഞ്ജയന്റെ 'രുദ്രാക്ഷമാഹാത്മ്യ'ത്തെ മുൻനിർത്തി പരിശോധിക്കുക.
11. "അമ്മ പറയാതെ വിട്ട ആ സത്യം പറഞ്ഞ നുണക്ക് തുല്യമായി എനിക്കനുഭവപ്പെട്ടു." ഇവിടെ നുണകൾ സ്ത്രീജീവിതത്തിലെ ചൂഷണങ്ങളെ പ്രതീകവല്ക്കരിക്കുന്നതെങ്ങനെ? സ്വമതം സ്ഥാപിക്കുക.
12. "ഹാസ്യം വി. കെ. എന്നിൽ ഇമിറ്റേഷനല്ല, ക്രിയേഷനായി തീരുന്നു." കെ. പി. അപ്പന്റെ നിരീക്ഷണങ്ങൾ വിമർശനവിധേയമായി പരിശോധിക്കുക.
13. വിഭ്രമാത്മകമായ ഈ ലോകവും യുക്തിയുടെ പുതിയലോകവും തമ്മിലുള്ള ഏറ്റുമുട്ടൽ സ്മാരകശിലകളുടെ ഭാവതലത്തെ സർഗ്ഗാത്മകമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതെങ്ങനെ?
14. കോടതിവ്യവഹാരങ്ങളുടെ പശ്ചാത്തലം 'ശാരദ' എന്ന നോവലിനെ കുറെക്കൂടി റിയലിസ്റ്റിക് സാഹിത്യത്തോട് അടുപ്പിക്കുന്നുണ്ടോ? സമർത്ഥിക്കുക.

**(4 x 3= 12 വെയ്റ്റേജ്)**

(തുടർച്ച...2)

**ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് 6 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 5 വെയ്റ്റേജ് വീതം.**

15. പൗരസ്ത്യസാഹിത്യവിമർശനപാരമ്പര്യങ്ങളും ആധുനികവിമർശനശൈലികളും മലയാളസാഹിത്യവിമർശത്തിന്റെ അടിത്തറ പാകപ്പെടുത്തിയതെങ്ങനെ?

കുട്ടിക്കൃഷ്ണമാരാരുടെ 'മേഘസന്ദേശം', മുണ്ടശ്ശേരിയുടെ 'സന്ദേശം അതൊന്നെയുള്ളൂ' എന്ന ലേഖനങ്ങളെ മുൻനിർത്തി പരിശോധിക്കുക.

16. "ആധുനികതാവാദത്തിന്റെ ലാവണ്യപദ്ധതികളെയും കാല്പനികാദർശത്തിന്റെ മാനവികദർശനത്തെയും കൂട്ടിയിണക്കാനുള്ള പരിശ്രമങ്ങളാണ് സുന്ദരികളും സുന്ദരന്മാരും എന്ന നോവലിന്റെ സൂക്ഷ്മരാഷ്ട്രീയപരിസരം." പരിശോധിക്കുക.

17. സ്ത്രീജീവിതത്തിലെ ചൂഷണാത്മകവും അധികാരബദ്ധവുമായ സാമൂഹ്യക്രമത്തെ 'കോലാട്', 'അമ്മ എന്നോട് പറഞ്ഞ നുണകൾ' എന്നീ കഥകൾ ആവിഷ്കരിക്കുന്നതിലെ സവിശേഷതകളെന്തെല്ലാം? താരതമ്യം ചെയ്തുപരിശോധിക്കുക.

18. ആശാൻ ലീലക്ക് നല്കുന്ന 'ഗുണവതി', 'സതി', 'സാധ്വി' എന്നിങ്ങനെയുള്ള വിശേഷണങ്ങൾ നിലവിലെ സദാചാരമൂല്യത്തിനെതിരെയുള്ള കലാപമാകുന്നതെങ്ങനെ? ആശാന്റെ സ്ത്രീപക്ഷവീക്ഷണങ്ങളെ സംബന്ധിച്ച ഡോ. എം. ലീലാവതിയുടെ നിരീക്ഷണങ്ങളെ വിമർശനവിധേയമായി പരിശോധിക്കുക.

**(2 x 5= 10 വെയ്റ്റേജ്)**